പുതിയ കോഴ്സുകൾ

110 (1139) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഈ അദ്ധ്യയന വർഷം തന്നെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതു് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം

111 (1140) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. തയ്യാറാക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിക്കുള്ള ശിപാർശ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly